ശ്രീ. എം.കെ. കേശവൻ: ഇവിടെ മുമ്പുപടി പറഞ്ഞപ്പോഴും മൽസ്യം വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിരിക്കുന്ന രണ്ടു ജില്ലകളെക്കുറിച്ച് പറഞ്ഞു. എറണാകുളവും കോട്ടയവും. കോട്ടയം ജില്ലയിൽ എവിടെയാണ് ഇത് ആരംഭിച്ചിട്ടുള്ളത്? എത്ര ഏക്കർ സ്ഥലത്ത് ആരാണ് ഇത് നടത്തുന്നതെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. എ.എൽ. ജേക്കബ്: ആരാണ് നടത്തുന്നതെന്നു പറയാൻ സാദ്ധ്യമല്ല. കോട്ടയത്ത് ഇതു നടത്തുന്നുണ്ട്.

ശ്രീ. പി.പി. മുഹമ്മദ്: മൽസ്യത്തിന്റെ വില അനുദിനം ഉയർന്നുവരികയാണ്. ഈ പരിതഃസ്ഥിതി കണക്കിലെടുത്ത് പല കേന്ദ്രങ്ങളിലായി വളർത്തുന്ന മൽസ്യം മാവേലി സ്റ്റോറിലൂടെ വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. എ.എൽ. ജേക്കബ്: അതൊരു നിർദ്ദേശമാണ്.

പഞ്ചായത്ത് തിരഞ്ഞെടുപ്പ്

* 2 [2] ശ്രീ. എം. ജിനദേവൻ:

ശ്രീമതി പി. ദേവൂട്ടി:

ശ്രീ. ലോനപ്പൻ നമ്പാടൻ:

,, കെ.ഇ. ഇസ്മയിൽ:

,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ;

(എ) തിരഞ്ഞെടുപ്പുക്കപ്പെട്ട പഞ്ചായത്തുകളുടെ കാലാവധി കഴിഞ്ഞിട്ട് എത്രകാലമായി;

(ബി) നിലവിലുണ്ടായിരുന്ന പഞ്ചായത്ത് കമ്മിറ്റികളെ എന്നാണ് പിരിച്ചുവിട്ടത്;

(സി) ആറു മാസത്തിനകം പുതിയ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുമെന്ന് കമ്മിറ്റി പിരിച്ചുവിടുന്ന അവസരത്തിൽ ഗവൺമെന്റ് പ്രസ്താവിച്ചിരുന്നുവോ;

(ഡി) സംസ്ഥാനത്ത് പഞ്ചായത്തു തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പഞ്ചായത്ത് തിരഞ്ഞെടുപ്പ് എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കാമോ;

(എഫ്) പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ജി) തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും, ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരൻ):

(എ) 30–9–1984–ൽ 927 പഞ്ചായത്തുകളുടെ കാലാവധി അവസാനിച്ചു. ഒരു പഞ്ചായത്തിന്റെ (പാമ്പാക്കുട പഞ്ചായത്ത്) കാലാവധി 7–8–1985–ൽ കഴിഞ്ഞു. 48 പഞ്ചായത്തുകളുടെ കാലാവധി 30–9–1985–ൽ അവസാനിച്ചു. 25 പഞ്ചായത്തുകളിൽ നേരത്തെ തിരഞ്ഞെടുപ്പ് നടന്നിട്ടില്ല.

(ബി) സംസ്ഥാനത്തിലെ 1001 പഞ്ചായത്തുകളിൽ 927 പഞ്ചായത്തുകമ്മിറ്റികളും 30–9–1984–ലും ഒരു പഞ്ചായത്തുകമ്മിറ്റി (പാമ്പാക്കുട) 7–8–1985–ലും 48 പഞ്ചായത്തുകമ്മിറ്റികളും 30–9–1985–ലും കാലാവധി അവസാനിച്ചതനുസരിച്ച് പിരിഞ്ഞു പോയിട്ടുണ്ട്. അവശേഷിക്കുന്ന 25 പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പു നടന്നിട്ടില്ല.

(സി) ഇല്ല.

(ഡി) പഞ്ചായത്തു പ്രസിഡന്റിലും കമ്മിറ്റിയിലും നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നില്ല.

(ഇ) വാർഡ് വിഭജനം സംബന്ധിച്ചുള്ള റിവിഷൻ ഹർജികൾ തീർപ്പാകുന്ന മുറക്ക് വോട്ടർ പട്ടികകൾ അച്ചടിക്കുന്നതും അതിനുശേഷം തിരഞ്ഞെടുപ്പ് നടത്തുന്നതുമാണ്.

(എഫ്) പഞ്ചായത്തു തിരഞ്ഞെടുപ്പിനുവേണ്ടി 1981–ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തുകളിലെ അംഗസംഖ്യ നിർണ്ണയിക്കുകയും അതിൻപ്രകാരം പഞ്ചായത്തുകളിലെ വാർഡ് വിഭജനം നടത്തിയിട്ടുള്ളതുമാണ്. 1–1–1985–ൽ 18 വയസ്സ് പൂർത്തിയായവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വോട്ടർപട്ടിക 15–4–1985ൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. 20–4–1985–ൽ പഞ്ചായത്തുകളുടെ പോളിംഗ് സ്റ്റേഷനുകളും നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനവും നടത്തിയിട്ടുണ്ട്. 1–1–1986–ൽ 18 വയസ്സ് തികഞ്ഞവരെകൂടി ഉൾപ്പെടുത്തിക്കൊണ്ട് സപ്ലിമെന്ററി വോട്ടർപട്ടികയും തയ്യാറാക്കിയിട്ടുണ്ട്.

തിരഞ്ഞെടുപ്പിന്റെ നടത്തിപ്പിനു വരണാധികാരികളും അസിസ്റ്റന്റ് വരണാധികാരികളും എന്നിവരെ തിരഞ്ഞെടുപ്പ് അധികാരികൂടിയായ ജില്ലാ പഞ്ചായത്ത് ഓഫീസർമാർ നിയമിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള ഫോറങ്ങളും മറ്റും അച്ചടിച്ച് ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്ക് അയച്ചുകൊടുത്തു. 187 പഞ്ചായത്തുകളെ സംബന്ധിച്ചുള്ള 321 റിവിഷൻ ഹർജികളിൽ 147 പഞ്ചായത്തുകളെ സംബന്ധിച്ചുള്ള 232 പരാതികളിൻമേൽ പഞ്ചായത്ത് ഇലക്ഷൻ സ്പെഷ്യൽ ഓഫീസർ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 40 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 84 റിവിഷൻ ഹർജികളിൻമേൽ നടപടികളും തുടർന്നുവരുന്നു.

(ജി) വാർഡ് വിഭജനം സംബന്ധിച്ച് ഗവൺമെന്റിനു കിട്ടിയിട്ടുള്ള റിവിഷൻ ഹർജികളിൻമേൽ നടപടി പൂർത്തിയാക്കേണ്ടതുമുണ്ട്.

ശ്രീ. എം. ജിനദേവൻ: പഞ്ചായത്തുകളെ പിരിച്ചുവിട്ട സന്ദർഭത്തിൽ അടുത്ത ആറുമാസത്തിനകം പഞ്ചായത്തു തിരഞ്ഞെടുപ്പ് നടത്തുമെന്ന് ഗവൺമെന്റ് പറഞ്ഞിരുന്നു. അങ്ങനെ പറഞ്ഞിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞത്. എപ്പോഴും പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തുമെന്ന ചോദ്യത്തിനു മറുപടി പറഞ്ഞിട്ടില്ല. ഇപ്പോഴും തെരഞ്ഞെടുപ്പുനടത്തിയാൽ ഐക്യജനാധിപത്യ മുന്നണിക്ക് ഒരൊറ പഞ്ചായത്തിൽപോലും ഭൂരിപക്ഷം ലഭിക്കാനിടയി ല്ലെന്നു മനസ്സിലാക്കിയതുകൊണ്ടാണോ തെരഞ്ഞെടുപ്പു നടത്താതിരി ക്കുന്നതെന്ന് ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ശ്രീ: സി.എം. സുന്ദരം: ഐക്യജനാധിപത്യമുന്നണിയെ സംബ ന്ധിച്ചിടത്തോളം നേരത്തേതീരുമാനിച്ചപ്രകാരം നടപടികളും തുടർന്നു പോകുന്നതാണ്. തെരഞ്ഞെടുപ്പ് ഇപ്പോഴും നടത്താതിരിക്കുന്നതിനു കാരണം അതിനേറതായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴി യാത്തതുകൊണ്ടാണ്. നടപടികളും പൂർത്തീകരിച്ചുവരുന്നുണ്ട്. ആ പൂർത്തീകരണത്തോടുകൂടി തെരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും.

ശ്രീ. എം. ജിനദേവൻ: ഈ ഗവൺമെൻറിനേറയും ഐക്യജനാധി പത്യമുന്നണിയുടെയുമൊക്കെ പ്രതിച്ഛായ വളരെയധികം മെച്ചപ്പെട്ടി രിക്കുന്ന ഒരു സാഹചര്യമാണിപ്പോൾ. ആ സാഹചര്യം കണക്കിലെടുത്ത് ഇപ്പോഴുള്ള സാങ്കേതിക തടസ്സം മാറിവച്ച് അടുത്ത മൂന്നുമാസത്തി നകം തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: മൂന്നുമാസമെന്തിനാണ്, മൂന്നു ദിവസം പോരേ? തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കുന്നതോടു കൂടി തെരഞ്ഞെടുപ്പ് നടത്തുമെന്നുള്ളത് വ്യക്തമായിക്കഴിഞ്ഞിരി ക്കുകയാണ്.

ശ്രീമതി പി. ദേവൂട്ടി: പഞ്ചായത്തു തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക നടപടികളെല്ലാം പൂർത്തിയായിട്ടുണ്ടെന്നാണ് ബഹുമാന പ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും മനസ്സിലാകുന്നത്. ഇനി എത്ര മാസത്തിനകം പഞ്ചായത്തുതെരഞ്ഞെടുപ്പു നടത്തുമെന്ന് ഒരു ഉറപ്പ് ഈ സഭയ്ക്ക് തരാമോ?

ശ്രീ. സി.എം. സുന്ദരം: അതിന് നേരത്തേ ഉത്തരം പറയുകയു ണ്ടായി. തെരഞ്ഞെടുപ്പു നടപടിക്രമങ്ങളെല്ലാം പൂർത്തിയാകുന്നതോടു കൂടി തെരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും.

ശ്രീമതി പി. ദേവൂട്ടി: ഈ നടപടിക്രമങ്ങൾ ഇനി എത്രകാലം നീണ്ടുപോകും? പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളില്ലെന്നു ള്ളതുകൊണ്ട് ഉദ്യോഗസ്ഥൻമാർ നടത്തുന്ന നിരവധി അഴിമതികളെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെൻറിനെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? അത്തരം ആരോപണങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: അങ്ങനെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അഴിമതികളുള്ളതായി പരാതികളൊന്നും കിട്ടിയിട്ടില്ല. ഒറപ്പെട്ട വല്ല സംഭവങ്ങളുമുണ്ടായിട്ടുണ്ടെങ്കിൽ അതിനെറ പേരിൽ നടപടികളും സ്വീകരി ക്കുന്നുമുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: അടുത്ത നിയമസഭാതെരഞ്ഞെടുപ്പി നുമുമ്പ് പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. സുന്ദരം: തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളുടെ നടപടികളെല്ലാം അവസാനിക്കുമ്പോഴാ തെരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും. അതാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഇരുപത്തേഴും അതിലേറെയും പഞ്ചായത്തുകൾക്ക് ഒരു സ്പെഷ്യൽ ഓഫീസർ മാത്രമുള്ളതിനാൽ പഞ്ചായത്തുഭരണം സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു ബ്ലോക്കിന് ഒരു സ്പെഷ്യൽ ഓഫീസർ എന്നുള്ള നിലയിൽ നിയമനം നടത്തി ഭരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: പഞ്ചായത്തുകളുടെ ഭരണമൊന്നും ഇപ്പോഴാ സ്തംഭിച്ചിട്ടില്ല. ഇത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമായിരിക്കും.

ശ്രീ. കെ.ഇ. ഇസ്മയിൽ: സംസ്ഥാനത്ത് പഞ്ചായത്തു തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന (ഡി) ചോദ്യത്തിന് ആവശ്യമായ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഇപ്പോഴാ നേരിടുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകളാ നേരിടുന്നില്ലെന്നുള്ളതുകൊണ്ട് ഉദ്യോഗസ്ഥൻമാരെവച്ചുതന്നെ തെരഞ്ഞെടുപ്പില്ലാതെ പഞ്ചായത്തുഭരണം മുന്നോട്ടുകൊണ്ടുപോകണമെന്നാണോ ഗവൺമെന്റിന്റെ നയം; അത് ഒന്ന് വിശദീകരിക്കാമോ?

ശ്രീ. സി.എം. സുന്ദരം: അങ്ങനെയുള്ള അഭിപ്രായങ്ങളൊന്നുമില്ലെന്നുള്ളത് എന്റെ മറുപടിയിൽനിന്ന് വളരെ വ്യക്തമായതാണ്. തെരഞ്ഞെടുപ്പു പ്രവർത്തനങ്ങളിലേയ്ക്ക് തന്നെയാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർക്ക് അക്കാര്യത്തിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല.

ശ്രീ. കെ.ഇ. ഇസ്മയിൽ: തെരഞ്ഞെടുപ്പിനുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തിയായിക്കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വളരെ വ്യക്തമാക്കിക്കഴിഞ്ഞു. ആ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് എപ്പോഴാ നടക്കുമെന്ന് വ്യക്തമായി പറയാത്തതുകൊണ്ട് ഉദ്യോഗസ്ഥൻമാരെ വച്ചുതന്നെ പഞ്ചായത്തുകളുടെ ഭരണം കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നു എന്നാണ് ഇപ്പോഴാ മനസ്സിലാകുന്നത്. നടപടിക്രമങ്ങളാ പൂർത്തിയായസാഹചര്യത്തിൽ ഉടനെ തെരഞ്ഞെടുപ്പ് നടത്തും, ഇത്രകാലപരിധിക്കുള്ളിലെങ്കിലും നടത്തുമെന്ന് പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ? അതല്ല തെരഞ്ഞെടുപ്പില്ലാതെതന്നെ ഉദ്യോഗസ്ഥൻമാരുടെ ഭരണം ഗവൺമെന്റിന്റെ നയമാക്കാനാണോ ആഗ്രഹിക്കുന്നത്? അതൊന്ന് വിശദീകരിക്കണം.

ശ്രീ. സി.എം. സുന്ദരം: അങ്ങനെ യാതൊന്നും ഇല്ല.

ശ്രീ. വി.കെ. രാജൻ: നമ്മുടെ സംസ്ഥാനത്ത് ആദ്യം 927 പഞ്ചായത്തുകളുടെ കാലാവധികഴിഞ്ഞു. പിന്നെ 25 എണ്ണത്തിന്റെ കാലാവധി കഴിഞ്ഞു. പഞ്ചായത്തുകളിലെല്ലാംതന്നെ ജനപ്രതിനിധികളില്ലാത്ത ഒരവസ്ഥയാണിപ്പോഴുള്ളത്. 40 പഞ്ചായത്തുകളിൽ 81 റിവിഷൻ പെറ്റീഷൻ ഉണ്ടെന്ന് മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അതായത് ആ 40 പഞ്ചായത്തുകളൊഴികെ മറ്റ് പഞ്ചായത്തുകളെല്ലാം തന്നെ കാലാവധി കഴിഞ്ഞുപിരിഞ്ഞുപോയി. അതേ നടപടിക്രമംതന്നെയെടുത്താൽ ബാക്കി പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് എന്താണ് തടസ്സം? നടപടിക്രമങ്ങളെല്ലാം പൂർത്തിയായ പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി.എം. സുന്ദരം: അങ്ങനെ piecemeal ആയി നടത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി.കെ. രാജൻ: പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ ഇന്നദിവസം നടത്തുമെന്നുള്ളതിനെസ്സംബന്ധിച്ച് ഒരു വിശദീകരണം ഹൈക്കോടതിയിൽനിന്ന് ആവശ്യപ്പെട്ടതായി പത്രത്തിൽ വായിച്ചു. അങ്ങനെ ഹൈക്കോടതിയിൽനിന്ന് തിരഞ്ഞെടുപ്പ് എന്നുനടത്തുമെന്നുള്ളതിനെ സംബന്ധിച്ച് ഒരു വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് വല്ല കത്തും ലഭിച്ചിട്ടുണ്ടോ? മരണമുന്നണിയെ നയിക്കുന്ന കോൺഗ്രസ് (ഐ) യുടെ പ്രസിഡൻറ് പത്മരാജനും ഇതിൽ വിരോധമില്ലെന്നു പറഞ്ഞു. അപ്പോഴും ശ്രീമാൻ സ്വാമിയുടെ പാർട്ടിക്കാണോ വിരോധം? ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് എന്ന് തിരഞ്ഞെടുപ്പ് നടത്തുമെന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: സ്വാമിയുടെ പാർട്ടി, ആരുടെ പാർട്ടി, ഏതുപാർട്ടി എന്നൊന്നും ഇല്ല. ഇവിടെ എല്ലാവരുടെയും പാർട്ടിയാണ്. അതേയവസരത്തിൽ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് കോടതിയിൽ നിന്ന് കടലാസ്സുകൾ വരുന്ന മുറയ്ക്ക് ആ കാര്യങ്ങൾ പരിശോധിച്ച് വേണ്ട നടപടി എടുക്കും.

ശ്രീ. വി.കെ. രാജൻ: ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ, അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ യെന്നാണെൻറെ ചോദ്യം, അതിന് മുപടി പറയണം.

മി. സ്പീക്കർ: ഹൈക്കോടതിയിൽ നിന്ന് കടലാസ്സുകൾ കിട്ടിയിട്ടുണ്ടോ ഉണ്ടെങ്കിൽ അതിന് നടപടിയെടുത്തിട്ടുണ്ടോയെന്നാണ് ചോദ്യം. ഇതൊരു സ്പെസിഫിക് ക്വസ്റ്റ്യൻ ആണ്. സ്പെസിഫിക്കായിട്ടു തന്നെ മറുപടി പറയണം.

ശ്രീ. സി.എം. സുന്ദരം: കടലാസ് കിട്ടിയിട്ടില്ല.

ശ്രീ. എം.എം. ഹസ്സൻ: റവന്യൂ വില്ലേജുകൾ പുനർനിർണ്ണയം ചെയ്തിട്ടുണ്ടോ? റവന്യൂ വില്ലേജുകൾ പുനർനിർണ്ണയംചെയ്തതിൻെറ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനർനിർണ്ണയം ചെയ്യാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: പഞ്ചായത്തുകളും റവന്യൂ വില്ലേജുകളും ഒരേ ബൗണ്ടറിയായി നിജപ്പെടുത്തുന്ന പ്രവർത്തനത്തെപ്പറ്റി ഗവൺമെൻറ് വളരെ കാര്യമായി ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: പഞ്ചായത്ത് പിരിച്ചുവിട്ടപ്പോൾ, പഞ്ചായത്തു തിരഞ്ഞെടുപ്പുവരെ പഴയ പഞ്ചായത്തു ബോഡി തന്നെ തുടരുന്നതിനുവേണ്ട നിർദ്ദേശം ഹൈക്കോടതി നൽകിയതിൻെറ അടിസ്ഥാനത്തിൽ അധികാരം വേണ്ടെന്ന് നിയമ

LIBRARY ARCHIVES Kerala Legislative Assembly

ദേഗതിവരുത്തിക്കൊണ്ടാണോ പിന്നീട് പിരിച്ചു വിട്ടത്? കോടതി പഞ്ചായത്തു തിരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിക്കുന്നപക്ഷം അതിൽനിന്നൊഴിവാകാൻവേണ്ടി പഞ്ചായത്ത് ആക്ടിൽ തിരഞ്ഞെടുപ്പ് എന്നത്തേക്കും മഴിവാക്കാൻ വേണ്ടി എന്തെങ്കിലും ദേഗതി നിർദ്ദേശിക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ടോ? അങ്ങനെ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: ഹൈക്കോടതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ചോദ്യം ചോദിച്ചാൽ അതിന് മറുപടിപറയാൻ വിഷമം ഉണ്ട്.

മി. സ പീക്കർ: ഹൈക്കോടതിയുമായി ബന ധപ്പെടുത്തിക്കൊണ്ടുള്ള ചോദ്യത്തിന് മറുപടി പറയാൻ വിഷമിക്കേണ്ട കാര്യമില്ല. സബ്ജുഡീസ് കസ്റ്റ്യൻ മാത്രമേ പ്രശ്നമുള്ളു. ഹൈക്കോടതിയിൽ നിന്ന് കടലാസ് കിട്ടിയിട്ടുണ്ടെങ്കിൽ ഉണ്ടെന്ന് പറയണം. ഇല്ലെങ്കിൽ ഇല്ലെന്ന് പറയണം.

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: ഹൈക്കോടതിയിൽനിന്ന് പഞ്ചായത്തു തിരഞ്ഞെടുപ്പുവരെ നിലവിലുള്ള തിരഞ്ഞെടുക്കപ്പെട്ട ബോർഡുകളെ തുടരുന്നതിന് അനുവദിക്കണമെന്നു പറഞ്ഞ് നിർദ്ദേശം വന്നതിനെ മറികടക്കുന്നതിനുവേണ്ടി ആ കാലാവധി നീട്ടുന്നതിനുള്ള അധികാരംപോലും ഗവൺമെൻറ് വേണ്ടെന്നുവിചാരിച്ചുകൊണ്ടാണ് പഞ്ചായത്തുകളെ പിരിച്ചുവിട്ടത്. ആ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തണമെന്ന് ഹൈക്കോടതി വീണ്ടും നിർദ്ദേശിച്ചാൽ ആ നിർദ്ദേശത്തെ മറികടക്കുന്നതിനുവേണ്ടി, എന്നത്തേയ്ക്കുമായി തിരഞ്ഞെടുപ്പ് നടത്തേണ്ടതില്ല എന്ന ഒരു ദേഗതി പഞ്ചായത്ത് ആക്ടിൽ വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി.എം. സുന്ദരം: അങ്ങനെ യാതൊരു ദുരുദ്ദേശവുമില്ല. അതാണ് ഞാൻ നേരത്തെ പറഞ്ഞത്. അതുതന്നെയാണ് എനിക്ക് വീണ്ടും പറയാനുള്ളത്. പുതിയതായിട്ട് ഒന്നുമില്ല.

ശ്രീ. ബേബി ജോൺ: ഹൈക്കോടതിയിൽനിന്ന് കടലാസ് കിട്ടിയിട്ടില്ലായെന്നു പറഞ്ഞു. ഹൈക്കോടതിയിൽ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച ഒരു കേസ് വന്നു. ആ കേസിന്റെ അഡ്മിഷൻ സമയത്താണോ അല്ലയോ എന്നു ഞാൻ ഓർക്കുന്നില്ല, ഹൈക്കോടതി ജഡ്ജി ഗവൺമെൻറിനു വേണ്ടി അപ്പിയർ ചെയ്ത വക്കീലൻമാരോട് എന്നത്തേയ്ക്ക് തെരഞ്ഞെടുപ്പു നടത്താൻ സാധിക്കുമെന്നു ഗവൺമെൻറിന്റെ അഭിപ്രായം ചോദിച്ചറിയിക്കണമെന്നു പറഞ്ഞതായ്ാണ് ഞാൻ മനസ്സിലാക്കുന്നത്. കടലാസ് വന്നോ ഇല്ലയോ എന്നുള്ളതിന്റെ സാങ്കേതികത്വമല്ല ഞാൻ പറഞ്ഞത്. ഹൈക്കോടതി, എന്നത്തേയ്ക്കു തിരഞ്ഞെടുപ്പു നടത്താൻ സാധിക്കുമെന്നുള്ള ഗവൺമെൻറിന്റെ അഭിപ്രായം അറിയണമെന്നു പറഞ്ഞ് ചോദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ അഭിപ്രായം അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇവിടെ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ എപ്പോഴും തിരഞ്ഞെടുപ്പു നടത്തണമെന്നുള്ളതു എല്ലാ കാര്യങ്ങളും പരിഗണിച്ചതിനുശേഷം തീരുമാനിക്കാനുള്ളതാണ്. ആ കാര്യങ്ങളും പരിഗണിച്ച് അറിയിക്കേണ്ട സ്ഥലങ്ങളിൽ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: മുഖ്യമന്ത്രിയെപ്പോലെയുള്ള ഒരാൾ അങ്ങനെ പറയുന്നതു കഷ്ടമാണ്. ഹൈക്കോടതി ഗവൺമെന്റിനു വേണ്ടി കോടതിയിൽ ഹാജരായ വക്കീലൻമാരോട് എന്നത്തേയ്ക്കു തെരഞ്ഞെടുപ്പു നടത്താൻ സാധിക്കുമെന്ന് ഗവൺമെന്റിന്റെ അഭിപ്രായം അറിയണമെന്ന് ആവശ്യപ്പെടുകൊണ്ട്. നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. സി.എം. സുന്ദരം: കമ്മ്യൂണിക്കേഷൻ വന്നാലേ അതിനു മറുപടി പറയാൻ സാധിക്കുകയുള്ളൂ. ആ കടലാസ്സിൽ എന്തൊക്കെയാണ് എഴുതിയിരിക്കുന്നതെന്നു ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

മി. സ്പീക്കർ: ഹൈക്കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടതായി മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനു മറുപടി പറയൂ.

ശ്രീ. സി.എം. സുന്ദരം: ശ്രദ്ധയിൽ പെട്ടിട്ടില്ല. ഗവൺമെന്റിനു കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടില്ല.

ശ്രീ. ബേബി ജോൺ: സാധാരണ ഗവൺമെന്റിനുവേണ്ടി അപ്പിയർ ചെയ്യുന്ന വക്കീലൻമാരോട് ചോദിക്കും, വക്കീലൻമാർ ഗവൺമെന്റിനോട് ചോദിച്ച് അറിയിക്കുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: ഗവൺമെന്റിനു കമ്മ്യൂണിക്കേഷൻ കിട്ടിയിട്ടില്ലായെന്നു പറഞ്ഞുകഴിഞ്ഞാൽ മറ്റു മാർഗ്ഗമില്ലല്ലോ.

ശ്രീ. പി.പി. തങ്കച്ചൻ: പഞ്ചായത്തുകളിലേയ്ക്ക് തെരഞ്ഞെടുപ്പു നടത്തുന്നതുവരെ ആ പ്രദേശത്തെ എം.എൽ.എ. മാരും എം.പി. മാരും ഉൾക്കൊള്ളുന്ന ഒരു ഉപദേശകസമിതിയെ (തീരുമാനമെടുക്കാൻ പഞ്ചായത്ത് ആക്ട് പ്രകാരം അവകാശമില്ല.) നിയമിക്കാൻ ഗവൺമെന്റ് എർപ്പാട് ചെയ്യുമോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ അതിന് ആലോചന ഇല്ല.

ശ്രീ. ഒ. ഭരതൻ: മുന്നണി സംവിധാനത്തിനകത്ത് ഘടകകക്ഷികളുടെ സമ്മർദ്ദത്തിനു വഴങ്ങേണ്ടിവന്നതുകൊണ്ടാണ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കാതെ വന്നിട്ടുള്ളതെന്ന കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. സി.വി. പത്മരാജന്റെ പ്രസ്താവന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് മന്ത്രിയുടെ അഭിപ്രായമെന്താണ്?

ശ്രീ. സി.എം. സുന്ദരം: ഈ ചോദ്യത്തിന് മറുപടി പറയാൻ സാധിക്കുകയില്ല.

ശ്രീ. പി.സി. ജോർജ്ജ്: പഞ്ചായത്തുതിരഞ്ഞെടുപ്പിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുമ്പോൾ 1987 മെയ് മാസം കഴിയുമെന്നുള്ള കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. ഇന്ന് 24-25 പഞ്ചായത്തുകളുടെ ചാർജ് വഹിക്കുന്നത് ഒരു താലൂക്ക് പഞ്ചായത്ത് ഓഫീസറാണ്. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല; റോഡിന്റെ മെയിൻറനൻസ് പോലും നടത്താൻ സാധിക്കുന്നില്ല. മാത്രമല്ല മെയിൻറനൻസ് നടത്തുന്നതിനിടയിൽ സ്റ്റേറ്റ് വരെ ഉണ്ടാകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗ്രാമപ്രദേശങ്ങളുടെ വളർച്ചയെ കണക്കിലെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് പഴയ പഞ്ചായത്തു പ്രസിഡൻറുമാരേയോ ജനകീയ ബോർഡ് നോമിനേറ്റ് ചെയ്തോ പഞ്ചായത്ത് ഭരണം ഉദ്യോഗസ്ഥമേധാവിത്വത്തിൽ നിന്ന് മാറുന്നത് നന്നായിരിക്കുമെന്ന് അഭിപ്രായത്തോട് ഗവൺമെൻറ് യോജിക്കുന്നുണ്ടോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോഴത്തെ ആലോചനയിൽ ഇല്ല.

ശ്രീ. എം.വി. രാഘവൻ: ഈ ഗവൺമെൻറ് അധികാരത്തിലുള്ള കാലത്തോളംകാലം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുകയില്ല എന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. അത് നിഷേധിയ്ക്കുവാൻ മന്ത്രിക്ക് കഴിയുമോ?

ശ്രീ. സി.എം. സുന്ദരം: ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ ഒരു ഉറപ്പ് ഈ അസംബ്ലിക്ക് കൊടുത്തിരിക്കുന്നു. ഞാൻ അതിന് എന്തു മറുപടി പറയാനാണ്?

ശ്രീ. കെ. ശങ്കരനാരായണപിള്ള: ദേവസ്വം ബോർഡ് പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ ഇപ്പുറത്തുള്ള വോട്ടർമാരുടെ വോട്ടവകാശം നിഷേധിക്കാൻ ഓർഡിനൻസ് കൊണ്ടുവന്നതുപോലെ ഈ ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രതിപക്ഷസ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാൻ സാദ്ധ്യതയുള്ളവരുടെ വോട്ടവകാശം നിഷേധിക്കുന്ന ഓർഡിനൻസ് കൊണ്ടുവന്നിതിനുശേഷമേ ഈ തിരഞ്ഞെടുപ്പ് നടത്തുകയുള്ളു എന്ന് ഗവൺമെൻറോ മന്ത്രിയോ തീരുമാനിച്ചോ?

ശ്രീ. സി.എം. സുന്ദരം: അത് ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: പഞ്ചായത്തുതിരഞ്ഞെടുപ്പിനെ സംബന്ധിച്ച ഒരു റിട്ട് ഹർജി വളരെക്കാലമായി ഹൈക്കോടതിയിൽ പെൻഡിങ്ങിലാണ്. കഴിഞ്ഞദിവസം ചീഫ് ജസ്റ്റീസ് ജസ്റ്റീസ് മാലിമത്ത് ഉൾക്കൊള്ളുന്ന ഡിവിഷൻബഞ്ച് മുൻപാകെ പഞ്ചായത്തുതിരഞ്ഞെടുപ്പിനെക്കുറിച്ച് ഒരു റിട്ട് ഹർജി വിചാരണയ്ക്ക് വന്നു. ആ സന്ദർഭത്തിൽ കേരള ഗവൺമെൻറിന്റെ അഡ്വക്കേറ്റ് ജനറലായ ശ്രീ. പി.വി. അയ്യപ്പൻ കോടതിയിൽ ഹാജരായിരുന്നു. ജസ്റ്റീസ് മാലിമത്ത് അദ്ദേഹത്തോട് എന്നാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്നു ഗവൺമെൻറിന്റെ അഭിപ്രായം പറയണമെന്ന് പറഞ്ഞു. ആ അവസരത്തിൽ അദ്ദേഹം കുറച്ച് സമയം വേണമെന്ന് പറഞ്ഞു. ഗവൺമെൻറുമായി കൺസൾട്ട് ചെയ്ത് തിരഞ്ഞെടുപ്പ് എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്നുള്ള ഗവൺമെൻറിന്റെ അഭിപ്രായം അറിയിക്കാമെന്ന് പരസ്യമായി അദ്ദേഹം ചീഫ് ജസ്റ്റീസിന്റെ ബഞ്ചിൽ പറഞ്ഞതാണ്. ഇത് പറഞ്ഞിട്ട് ഒരുമാസം കഴിഞ്ഞു. ഇതുവരെ ഗവൺമെൻറിന് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശമോ അല്ലെങ്കിൽ അത്തരത്തിലുള്ള ഒരു കമ്മ്യൂണിക്കേഷനോ കിട്ടിയിട്ടുണ്ടോ? അടുത്ത വിചാരണയ്ക്ക് ഹാജരാകേണ്ടതാണ്. ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു.

ശ്രീ. സി.എം. സുന്ദരം: കമ്മ്യൂണിക്കേഷൻ കിട്ടിയില്ല.

ശ്രീ. രാഘവൻ പൊഴക്കൂടവിൽ: പല പഞ്ചായത്തുകളും വിഭജിക്കണമെന്നു നിർദ്ദേശം ഗവൺമെൻറിന്റെ മുൻപിൽ വന്നിട്ടുള്ളതാണ് തിരഞ്ഞെടുപ്പ് വരുന്നതിനുമുമ്പ് വിഭജനം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എം. സുന്ദരം: പഞ്ചായത്ത് വിഭജനത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: മന്ത്രി ഇവിടെ പറഞ്ഞ ഉത്തരങ്ങൾ വച്ച് നോക്കുമ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ഏകദേശ തീയതിപോലും പറയാൻ വയ്യാത്ത സ്ഥിതിയിൽ തന്നെ ഗവൺമെന്റ് ഉറച്ചുനിൽക്കുകയാണ് എന്നുപറഞ്ഞാൽ ശരിയായിരിക്കുമോ?

ശ്രീ. സി.എം. സുന്ദരം: ഏകദേശതീയതി പറയുന്നത് ശരിയായിരിക്കുമോ?

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: ഏകദേശ തീയതിയെങ്കിലും പറയുന്നതിന് ഗവൺമെന്റിന് കഴിയുമോയെന്നാണ് ചോദിച്ചത്.

ശ്രീ. സി.എം. സുന്ദരം: അങ്ങനെ പറയുന്നത് ശരിയായിരിക്കുകയില്ല. നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമോ അപ്പോൾ നടത്തും.

ശ്രീ. ജി. വരദൻ:— சர், தேவீகுளத்தில் வட்டவடை காந்தலூர், மறையூர் என்று மூன்று பஞ்சாயத்துகள் உள்ளன. முணுறிலுருந்து 70 கிலோ மீற்றர் தூரம் நடந்து Taluk office ற்கு செல்ல வேண்டும். ஆகையால் இந்த மூன்று பஞ்சாயத்துகளுக்கும் ஒரு Special officer ஐ நியமிப்பதற்கு தேவையான நடவடிக்கைகளை எடுக்க நமது அரசு கைக்கொள்ள முன் வருமா என்று கேட்கிறேன்?

ശ്രീ. സി.എം. സുന്ദരം: പരാതിയോ മറ്റോ നിങ്ങൾ തന്നാൽ പരിശോധിക്കാം.

ശ്രീ. ജി. വരദൻ:— முதன் மந்திரி உட்பட எல்லோருக்கும் பிராதி கொடுக்கப்பட்டுள்ளது. இந்த மூன்று பஞ்சாயத்துகளும் மிகவும் பின்தங்கிய பிரதேசங்கள் ஆகையால் இந்த மூன்று பஞ்சாயத்துகளுக்கும் ஒரு Special officer ஐ நியமிப்பதற்கு தேவையான நடடிக்கைகளை எடுக்க வேண்டுமென்று கேட்டுக்கொள்கிறேன்?

ശ്രീ. സി.എം. സുന്ദരം: പരിശോധിക്കാം.

ശ്രീ. കെ.പി. രാമൻ: തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡുകൾ നിലവിലില്ലാത്തതുകൊണ്ട് പല പ്രയാസങ്ങളും ഉണ്ട്. എന്ന് വ്യക്തമായിരിക്കേ ഇനിയും പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുകയാണെങ്കിൽ മുൻകാല പഞ്ചായത്തു ബോർഡുകൾക്ക് പുനർജീവനം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി.എം. സുന്ദരം: ഇപ്പോൾ തൽക്കാലം ആലോചനയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.ജെ. തങ്കപ്പൻ: പഞ്ചായത്ത് കമ്മിറ്റികളും നിലവിലില്ലാതായിട്ട് ഒന്നരവർഷം കഴിഞ്ഞു. കഴിഞ്ഞ ഒന്നരവർഷമായിട്ട് പഞ്ചായത്ത് ഭരണം നടത്തുന്നത് ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻമാരാണ്. പഞ്ചായത്ത് കമ്മിറ്റികളുടെ ഭരണത്തേക്കാളും മെച്ചപ്പെട്ടതാണ് ഉദ്യോഗസ്ഥഭരണം എന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ശ്രീ. സി.എം. സുന്ദരം: മെച്ചപ്പെട്ടതാണോ മോശമാണോ എന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. ഇപ്പോൾ അവരാണ് ഭരിക്കുന്നത്, അത് തുടർന്നുപോകുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തിരഞ്ഞെടുക്കപ്പെട്ട സമിതികളില്ലാത്തതുകൊണ്ട് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടേയും ഭരണം ഇദ്യോഗസ്ഥൻമാർ മുഖേന ഇന്നു മുഖ്യമന്ത്രിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസ് ഐ—യുടെ എതിർപ്പ് മൂലമാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കാത്തതെന്നു ഒരു പത്രത്തിൽ വന്ന വാർത്ത ശരിയാണോ?

ശ്രീ. സി.എം. സുന്ദരം: പത്രത്തിൽ പല വിധത്തിലും എഴുതും. അതിനൊക്കെ ഉത്തരം പറയാൻ പറ്റുകയില്ല.

ശ്രീ. വി.സി. കബീർ: നടപടിക്രമങ്ങളെല്ലാം പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുമെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. പഞ്ചായത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും അവസാനിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഉടനെ നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി.എം. സുന്ദരം: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിലൊന്നും നടക്കുന്നില്ല. തിരഞ്ഞെടുപ്പ് കഴിയുന്നതും വേഗം നടത്തണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതു എത്രയുംപെട്ടെന്നു നടത്തുന്നതാണ്.

മറ്റു പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി ഒരു റിവ്യൂ കമ്മിറ്റി

* 3 (3) ശ്രീ. നാലകത്ത് സൂപ്പി:
,, കെ.പി.എ. മജീദ്:
,, പി.കെ. കുഞ്ഞാലിക്കുട്ടി:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഉദ്യോഗനിയമനങ്ങളിൽ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് നിശ്ചിത ശതമാനം സംവരണം ശരിയായ തോതിൽ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഹരിജൻ റിവ്യൂ കമ്മിറ്റി മാതൃകയിൽ മറ്റു പിന്നോക്ക സമുദായ (ഒ.ബി.സി.) ങ്ങളുടെ സംവരണത്തോത് പരിശോധിക്കുന്നതിന് ഒരു റിവ്യൂ കമ്മിറ്റി ഉണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly